**കേരള കാർഷിക സർവകലാശാല വാർത്തകൾ**

**(ആഗസ്റ്റ് 18 - 26, 2022)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി - 680 651**
**E-mail: ccmannuthy@kau.in, Phone: 0487-2370773)**

No. C3/4/2022 – 33 Dtd. 17 .08.2022

ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ

നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെ നിയന്ത്രിക്കാൻ *ട്രൈക്കോഗ്രമ്മ ചിലോണിസ്* കാർഡും തണ്ടുതുരപ്പനെ നിയന്ത്രിക്കാൻ *ട്രൈക്കോഗ്രമ്മ ജപ്പോനിക്കം കാർഡും* ഉപയോഗിക്കുക. ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് വീതം, ചെറു കഷ്ണങ്ങളാക്കി മുറിച്ചു വയലിന്റെ പല ഭാഗത്ത് പ്ലാസ്റ്റിക്ക് കപ്പുകളിൽ കുത്തി വെക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക.

ഈ മാസം കുരുമുളകിന് രണ്ടാം ഗഡു വളം ചേർക്കാം. പൊതു ശുപാർശയനുസരിച്ച് ഒരു കൊടിക്ക് യൂറിയ, മസ്സൂറിഫോസ്, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ യഥാക്രമം 55, 125, 125 ഗ്രാം വീതം ചേർക്കാം. മൂന്നാം വർഷം മുതലാണ് ഈ അളവ്. ഒരു വർഷം പ്രായമായ കൊടിക്ക് ഇതിന്റെ മൂന്നിലൊന്നും രണ്ടു വർഷം പ്രായമായതിന് മൂന്നിൽ രണ്ടും വളം ചേർക്കാം. നല്ല വളക്കൂറുള്ള മണ്ണിലും ധാരാളം ജൈവവളം ചേർക്കുന്ന കുരുമുളകുകൊടിക്കും രാസവളം കുറച്ചു നൽകിയാൽ മതി. കൊടിയുടെ ചുറ്റും രണ്ടടിവ്യാസത്തിൽ എടുത്ത തടത്തിൽ വളം വിതറി മുപ്പല്ലി കൊണ്ട് കൊത്തി ച്ചേർക്കാം. തടമെടുക്കുമ്പോൾ വേരുകൾക്ക് മുറിവേറ്റാൽ ദ്രുതവാട്ടത്തിനുള്ള സാധ്യത കൂടും. വളം ഒലിച്ച് നഷ്ടപ്പെടാതിരിക്കാനും, മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിനും, താപനില ക്രമീകരിക്കുന്നതിനും, കളനിയന്ത്രണത്തിനും പുതയിടീൽ സഹായിക്കും. മഴ ശമിക്കുന്നതോടെ *സ്യൂഡോമോണാസ് ഫ്ളൂറസൻസ്* 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുകയും ട്രൈക്കോഡെർമ്മകൾച്ചർ ചാണകപൊടിയിൽ വംശവർദ്ധനവ് നടത്തി ഓരോ കൊടിയുടെ ചുവട്ടിൽ ചേർക്കുകയും ചെയ്യുകയാണെങ്കിൽ ദ്രുതവാട്ടം നിയന്ത്രിക്കാൻ സാധിക്കും.

നട്ട് നാലു മാസം പ്രായമായ പാളയൻ കോടൻ വാഴയ്ക്ക് യൂറിയ, മസ്സൂറിഫോസ്, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നീ രാസവളങ്ങൾ യഥാക്രമം 110, 278, 335 ഗ്രാം വീതവും നേന്ത്രനല്ലാത്ത മറ്റിനങ്ങൾക്ക 200, 500, 300 ഗ്രാം വീതവും നൽകുക. ഇലപ്പുള്ളി രോഗത്തിന്റെ ലക്ഷണം കണ്ടാലുടൻ രോഗം കൂടുതലുള്ള ഇലകൾ മുറിച്ച് മാറ്റി നശിപ്പിക്കുന്നത് രോഗം പടരാതിരിക്കാൻ സഹായിക്കും. പിന്നീട് സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലകളുടെ രണ്ടു ഭാഗത്തും വീഴത്തക്കവണ്ണം തളിക്കണം. രോഗം രൂക്ഷമാണെങ്കിൽ രോഗബാധയേറ്റ ഇലകൾ വെട്ടി മാറ്റിയശേഷം ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം അല്ലെങ്കിൽ 'ബാവിസ്റ്റിൻ' എന്ന കുമിൾ നാശിനി 1 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയത് എന്നിവയിലൊന്ന് ഇലയുടെ രണ്ടു വശത്തും വീഴത്തക്കവണ്ണം തളിച്ചു കൊടുക്കുക.

വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണം നിയന്ത്രിക്കാൻ 2.5 മില്ലി ക്ലോർപൈറിഫോസ് ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ പശ ചേർത്ത് ഇലക്കവിളുകളിലും, ദ്വാരങ്ങളിലും നല്ലവിധം ഇറങ്ങിചെല്ലത്തക്കവിധം തളിച്ച് കൊടുക്കാവുന്നതാണ്. നേന്ത്രവാഴയുടെ വിളവെടുപ്പ് നടന്ന് കൊണ്ടിരിക്കുന്ന തോട്ട

ങ്ങളിൽ കുല വെട്ടിയെടുത്ത മാതൃവാഴകളിൽ നിന്ന് ആരോഗ്യമുള്ള സൂചിക്കന്നുകൾ ഇളക്കിയെടുത്ത് വൃത്തിയാക്കി സൂക്ഷിക്കണം. പഴയ വേരുകൾ നീക്കി തണ്ട് അരയടി നീളത്തിൽ നിർത്തി മുറിച്ചശേഷം കന്ന് ചാണകവും ചാരവും വെള്ളത്തിൽ കലർത്തിയ മിശ്രിതത്തിൽ മുക്കിയെടുത്ത് തണലിൽ ഉണക്കി സൂക്ഷിക്കണം. പിന്നീട് രണ്ടാഴ്ച്ചയോളം തണലുള്ള സ്ഥലത്ത് മഴ നനയാതെ സൂക്ഷിച്ച് വെച്ചതിന് ശേഷം നടാം. തുടർച്ചയായ മഴ മൂലം വാഴയിൽ എർവിനിയ റോട്ട് രോഗം കാണാനിടയുണ്ട്. നീർവാർച്ച സൗകര്യം മെച്ചപ്പെടുത്തുക, വാഴത്തടത്തിൽ കുമ്മായം ഇടുക നീർച്ചാലുകളിൽ ബ്ലീച്ചിംഗ് പൗഡർ കിഴികൾ ആക്കി ഇടുക എന്നിവയിലൂടെ ഈ രോഗത്തെ ഒരു പരിധിവരെ നിയന്ത്രിക്കാവുന്നതാണ്. 20 ഗ്രാം *സ്യൂഡോമോണോസ് ഫ്ളൂറസെൻസ്* 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്കവണ്ണം വാഴയ്ക്ക് ചുറ്റും ഒഴിക്കുന്നത് രോഗ പ്രതിരോധശേഷി വർദ്ധിപ്പിക്കും. രോഗം ബാധിച്ചാൽ 3 ഗ്രാം കോപ്പർ ഓക്സീക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്കവണ്ണം വാഴയ്ക്ക് ചുറ്റും ഒഴിക്കണം.

മഴക്കാലത്ത്, ജാതിയിൽ കായ് അഴുകൽ, ഇലപൊഴിച്ചിൽ എന്നീ രോഗങ്ങൾ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി 2 കിലോ ട്രൈക്കോഡർമ്മ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടിക്കലർത്തി കൂനകൂട്ടി തണലത്ത്മൂടിവെച്ചശേഷം 2 ആഴ്ച്ചകഴിഞ്ഞ് കുമിളിന്റെ വളർച്ച കണ്ടുതുടങ്ങുന്പോൾ ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം **ഓരോ ചെടിക്ക് ചുവട്ടിലും ഇട്ട് കൊടു**ക്കാവുന്നതാണ്. ഒരു മാസത്തിന് ശേഷം സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിക്കുക.

വെണ്ടയിൽ പച്ചത്തുള്ളന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. അവയെ നിയന്ത്രിക്കാൻ തയോമെത്തോക്സാം 2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

തെങ്ങോലകൾക്ക് നല്ല പച്ചനിറം കിട്ടാനും തേങ്ങയിലെ എണ്ണ കൂട്ടുന്നതിനും തെങ്ങൊന്നിന് 500 ഗ്രാം വീതം മഗ്നീഷ്യം സൾഫേറ്റ് ചേർക്കുന്നത് നല്ലതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ ചാല് കീറി നീർവാർച്ച മെച്ചമാക്കണം. തറനിരപ്പിൽ നിന്ന് ചുരുങ്ങിയത് ഒരു മീറ്റർ താഴെയാകണം ജലനിരപ്പ്. ചെരിവുള്ള തോട്ടങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണം. മേൽമണ്ണ് നഷ്ടപ്പെടുമ്പോൾ മൂലകങ്ങളും ഫലപുഷ്ടിയുള്ള സൂക്ഷ്മജീവികളും നഷ്ടപ്പെട്ട് മണ്ണിന്റെ ഉല്പാദനക്ഷമത നശിക്കും. തെങ്ങിൻതോപ്പിലെ ഇടവിളകളെ സംരക്ഷിച്ച് അവയ്ക്കുള്ള വളങ്ങളും കൂടി ചേർക്കുകയാണെങ്കിൽ നാളികേര ഉല്പാദനം കൂടും. പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക.

അറിയിപ്പ്

- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വ കലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്.

  ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487−2370773

- കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ (പാവൽ,

വെണ്ട, പയർ), പൊടികൾ വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്.

നിബന്ധനകൾ

1. കുറഞ്ഞത് 10 കിലോഗ്രാം പഴം പച്ചക്കറി ഉണ്ടാവണം.
2. കർഷകർക്ക് താൽപ്പര്യമുള്ള ഉൽപ്പന്നമോ അസംസ്കൃത വസ്തുവിന്റെ ഗുണനിലവാരം അനുസരിച്ച് വിപണന സാധ്യതയുള്ള ഏതെങ്കിലും ഉൽപ്പന്നമോ തയ്യാറാക്കി നൽകുന്നു.
3. മൂല്യവർദ്ധിത ഉൽപ്പന്നം തയ്യാറാക്കുവാൻ വേണ്ടി വസ്തുക്കളുടെ വിലയും കൂലിച്ചിലവും കർഷകർ അടയ്ക്കണം.
4. മൂല്യവർദ്ധിത ഉൽപ്പന്നം പാക്ക് ചെയ്യുവാനുള്ള വസ്തുക്കൾ കർഷകർ കൊണ്ടു വന്നാൽ അതിൽ പാക്ക് ചെയ്തും നൽകും.
5. കേരള കാർഷിക സർവകലാശാലയുടെ പേരിൽ ഇത് വിപണനം ചെയ്യുവാൻ സാധ്യമല്ല. ഉൽപ്പന്നം കർഷകർ തന്നെ അവരുടെ സ്ഥാപനപേരിൽ വിപണനം ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് 0487-2370773, 8089173650 എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്

ഒപ്പ്/-

**പ്രൊഫസർ & ഹെഡ്**